"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ കരാറടിസ്ഥാനത്തിൽ ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഐ.ബി.) വകുപ്പ്

G.O.(Ms) No.106/2022/LSGD തീയതി,തിരുവനന്തപുരം, 19-05-2022

പരാമർശം:-
1. 09.07.2019-ലെ സ.ഉ(അച്ചടി) നം.81/2019/ധന.നമ്പർ ഉത്തരവ്.
2. 05.11.2019-ലെ സ.ഉ(സാധാ) നം.2462/2019/തസ്വഭവ.നമ്പർ ഉത്തരവ്.
3. 17.04.2020-ലെ G.O(P) No.35/2020/LSGD.
4. 17.04.2020- ലെ G.O(P) No.36/2020/LSGD.
5. 16.01.2021 -ലെ സ.ഉ(കൈ) നം.8/2021/തസ്വഭവ.നമ്പർ ഉത്തരവ്.
6. കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ ചെയർപേഴ്സന്റെ 27/7/2021, 2/3/2022 തീയതികളിലെ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാനത്ത് കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ രൂപീകരിച്ചു കൊണ്ടും പ്രസ്തുത ട്രിബ്യൂണലിൽ ചെയർപേഴ്സണെ നിയമിച്ചുകൊണ്ടും യഥാക്രമം പരാമർശം (3), (4) സർക്കാർ ഉത്തരവുകൾ പ്രകാരം ഉത്തരവായിരുന്നു.

(2) തുടർന്ന് കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ കരാറടിസ്ഥാനത്തിൽ താഴെ പറയുന്ന പതിനൊന്ന് തസ്തികകൾ സൃഷ്ടിക്കുന്നതിനും ഇതിൽ ക്രമനം. 1 മുതൽ 4 വരെയുള്ള തസ്തികകളുടെ വേതനം കേരള സർവീസ് ചട്ടങ്ങൾ പാർട്ട് III ചട്ടം 100 പ്രകാരം നിശ്ചയിക്കുന്നതിനും ക്രമനമ്പർ (5) മുതൽ (10) വരെയുള്ള തസ്തികകളുടെ വേതനം പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിനും അതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത പരാമർശം (2) പ്രകാരം രൂപീകരിച്ച കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി ഫണ്ടിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി ഉത്തരവായിരുന്നു.

| SL.No. | Post | No. |
|---|---|---|
| 1 | Private Secretary to the Chairperson | 1 |
| 2 | Administrative Assistant cum Office Superintendent | 1 |
| 3 | Filing Scrutiny Officer cum Accounts Officer | 1 |
| 4 | Assistant Court Officer | 1 |
| 5 | Confidential Assistant (Senior Grade) | 1 |
| 6 | Junior Clerk | 2 |

| | | |
|---|---|---|
| 7 | Messenger/Court Keeper | 1 |
| 8 | Personal Attendant for the Chairperson | 1 |
| 9 | Part-time Sweeper | 1 |
| 10 | Office Attendant | 1 |
| | Total | 11 |

(3) കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക കൂടി അനുവദിക്കുന്നതിന് കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ ചെയർപേഴ്സൺ പരാമർശം (6) പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ നിലവിലുള്ള തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (5) സർക്കാർ ഉത്തരവിൽ നിജപ്പെടുത്തിയിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ട്രിബ്യൂണലിൽ കരാറടിസ്ഥാനത്തിൽ ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക കൂടി സൃഷ്ടിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN I A S
ADDITIONAL CHIEF SECRETARY

ചെയർപേഴ്സൺ, കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
ചെയർമാൻ, കേരളാ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ( ജി & എസ്.എസ്.എ/ഇ&ആർ.എസ്.എ),കേരള, തിരുവനന്തപുരം.
പൊതുഭരണ(എസ്.സി) വകുപ്പ് (18/5/2022-ലെ മന്ത്രി സഭായോഗ തീരുമാനം ഇനം നമ്പർ 730 പ്രകാരം)
ധനകാര്യ വകുപ്പ് (7/1/2022 തീയതിയിലെ Dev- 1/182/2020-Fin(ഇ 1562231 പ്രകാരം)
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Geetha.t.s**
**Date: 20-05-2022 13:46:47**
സെക്ഷൻ ഓഫീസർ

പകർപ്പ്-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-05-2022

ഫയൽ നം. തസ്വഭവ-ഐബി1/305/2021-തസ്വഭവ.     ഇനം നം: 730

വിഷയം : തദ്ദേശ-സ്വയംഭരണ വകുപ്പ് - കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ ഓഫീസ് അറ്റൻഡന്റിന്റെ ഒരു അധിക തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ-സ്വയംഭരണ വകുപ്പ്.

8/19/5/22

6152557

730

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രി സഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | തസ്വഭവ-ഐബി1/305/2021-തസ്വഭവ |
| 2 | വകുപ്പ് | : | തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ് |
| 3 | വിഷയം | : | കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ ഓഫീസ് അറ്റൻഡന്റിന്റെ ഒരു അധിക തസ്തിക സൃഷ്ടിക്കുന്നത് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി: | : | 05.05.2022 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ. |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ഷിബി എബ്രഹാം |
| 8 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11.05.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.05.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13.05.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16.05.2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്

കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ ഒരു ഓഫീസ് അറ്റൻഡന്റിന്റെ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) 16/01/2021 ലെ സ.ഉ.(കൈ)നം.08/2021/തസ്വഭവ പ്രകാരം കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ കരാറടിസ്ഥാനത്തിൽ താഴെ പറയുന്ന പതിനൊന്ന് തസ്തികകൾ സൃഷ്ടിക്കുന്നതിനും ഇതിൽ ക്രമനം. 1മുതൽ 4 വരെയുള്ള തസ്തികകളുടെ വേതനം കേരള സർവീസ് ചട്ടങ്ങൾ പാർട്ട് III ചട്ടം 100 പ്രകാരം നിശ്ചയിക്കുന്നതിനും ക്രമനമ്പർ(5) മുതൽ 10 വരെയുള്ള തസ്തികകളുടെ വേതനം നിലവിലുള്ള കരാർ വേതന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ (9/07/2019 ലെ സ.ഉ(അച്ചടി) നം.81/2019/ധന) നിശ്ചയിക്കുന്നതിനും അനുമതി നൽകിയും അനുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത 5/11/2019 ലെ സ.ഉ(സാധാ.)നം.2462/2019/തസ്വഭവ പ്രകാരം രൂപീകരിച്ച കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി ഫണ്ടിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി ഉത്തരവായിരുന്നു.

| SL No | Post | Number of post |
|---|---|---|
| 1 | Private Secretary to the Chairperson | 1 |
| 2 | Administrative Assistant cum Office Superintendent | 1 |
| 3 | Filing Scrutiny Officer cum Accounts Officer | 1 |
| 4 | Assistant Court Officer | 1 |
| 5 | Confidential Assistant(Senior Grade) | 1 |
| 6 | Junior Clerk | 2 |
| 7 | Messenger/Court Keeper | 1 |
| 8 | Personal Attendant for the Chairperson | 1 |
| 9 | Part-time Sweeper | 1 |
| 10 | Office Attendant | 1 |
| | **Total** | **11** |

3) തുടർന്ന്, കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ ചെയർപേഴ്സൺ, ട്രിബ്യൂണലിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ചുവടെ പറയുന്ന അധിക തസ്തികകൾ

കരാറടിസ്ഥാനത്തിൽ അടിയന്തിരമായി അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

| ക്രമ നം | തസ്തിക | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 | 1 |
| 2 | ഓഫീസ് അറ്റൻഡന്റ് | 2 |
| 3 | പേഴ്സണൽ അറ്റൻഡന്റ് | 2 |
| | ആകെ | 5 |

4) പ്രസ്തുത പ്രപ്പോസലിൻമേലുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു. "കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കമ്മീഷനുമായി കൂടിയാലോചിച്ചാണ് 11 തസ്തികകൾ അനുവദിച്ചത്. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇനിയും തസ്തികകൾ അനുവദിക്കാൻ കഴിയില്ല എന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു. ഇതിന് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്"

5) ധനകാര്യ വകുപ്പ് രേഖപ്പെടുത്തിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ട്രിബ്യൂണലുമായി കൂടിയാലോചിച്ചാണ് നിലവിലുള്ള 11 തസ്തികകൾ അനുവദിച്ചിട്ടുള്ളതെന്നും നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇനിയും തസ്തികകൾ അനുവദിക്കാൻ കഴിയില്ലെന്നും ട്രിബ്യൂണൽ ചെയർപേഴ്സണിന് മറുപടി നൽകിയിരുന്നു.

6) പ്രസ്തുത മറുപടിയിന്മേൽ കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ ചെയർപേഴ്സൺ തികഞ്ഞ അസംതൃപ്തി രേഖപ്പെടുത്തുകയുണ്ടായി. കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിലെ ജീവനക്കാർക്ക് റിയൽ എസ്റ്റേറ്റ് റഗുലേറ്ററി ഫണ്ടിൽ നിന്നാണ് വേതനം നൽകുന്നതെന്നും റിയൽ എസ്റ്റേറ്റ് (റഗുലേഷൻ & ഡെവലപ്പ്മെന്റ്) ആക്ട് പ്രകാരം ലഭിക്കുന്ന ഫീസും പിഴയും പ്രസ്തുത ആക്ടിലെ സെക്ഷൻ 75(a) & (b) പ്രകാരം ലഭിക്കുന്ന പലിശയുമാണ് പ്രസ്തുത ഫണ്ടിന്റെ ഉറവിടമെന്നും സംസ്ഥാനമൊട്ടാകെ അധികാര പരിധിയുള്ള ട്രിബ്യൂണലിന് ഒരു ഓഫീസ് അറ്റൻഡന്റിനെ മാത്രംവെച്ച് പ്രവർത്തിക്കാനാകില്ലെന്നും നിലവിലുള്ള ഒരു ഓഫീസ് അറ്റൻഡന്റിന് ഓഫീസ് കാര്യങ്ങൾക്കു പുറമെ ട്രിബ്യൂണൽ

ചെയർപേഴ്സണിന്റെയും മെമ്പർമാരുടെയും വ്യക്തിപരമായ കാര്യങ്ങളിലും ശ്രദ്ധചെലുത്തേണ്ടതായി വരുമെന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ, കേരള റിയൽ എസ്റ്റേറ്റ് ട്രിബ്യൂണലിന്റെ ദൈനംദിന കാര്യങ്ങൾ ഒരു ഓഫീസ് അറ്റൻഡന്റിന് മാത്രമായി കൈകാര്യം ചെയ്യാൻ കഴിയുകയില്ലെന്നും ഔദ്യോഗികമായ ടി ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിന് കുറഞ്ഞ പക്ഷം ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക കൂടി കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിന് അനുവദിച്ച് നൽകണമെന്നും കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ ചെയർപേഴ്സൺ അഭ്യർത്ഥിക്കുകയുണ്ടായി. കൂടാതെ പ്രസ്തുത അപേക്ഷ ബഹു. മുഖ്യമന്ത്രിയുടേയും വകുപ്പ് മന്ത്രിയുടേയും പരിഗണനയ്ക്ക് സമർപ്പിക്കണമെന്നും ചെയർപേഴ്സൺ ആവശ്യപ്പെട്ടിരുന്നു.

7) തുടർന്ന് ഫയൽ ചംക്രമണം ചെയ്തപ്പോൾ ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക കൂടി അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശുപാർശ ചെയ്യുകയും ബഹു. മുഖ്യമന്ത്രി, ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരത്തോടെ, ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവാകുകയും ചെയ്തു.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ നിലവിലുള്ള തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള 16/01/2021 ലെ സ.ഉ.(കൈ).നം.08/2021/തസ്വഭവ -പ്രകാരം നിജപ്പെടുത്തിയിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ട്രിബ്യൂണലിൽ കരാറടിസ്ഥാനത്തിൽ ഒരു ഓഫീസ് അറ്റൻഡന്റ് തസ്തിക കൂടി സൃഷ്ടിക്കാമോ?

6152530

**GOVERNMENT OF KERALA**
**(SHRI. PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File No. | : | LSGD-IB1/305/2021-LSGD |
| 2. | Department | : | Local Self Government (IB) Department |
| 3. | Subject | : | Creation of an additional post of Office Attendant in Kerala Real Estate Appellate Tribunal |
| 4. | Date of Chief Minister's order for placing before the Council | : | 05.05.2022 |
| 5. | (i) Does the case involve financial commitments /implications.<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | :<br><br>: | Yes<br><br>Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | :<br><br>: | No |
| 7. | Name of Deputy Secretary who submitted the Draft Note | : | Smt. Shibi Abraham |
| 8. | Name of the Additional Chief Secretary who approved the Draft Note | : | Smt. Sarada Muraleedharan |
| 9. | Date of approval of the Draft Note for the Council by the Additional Chief Secretary | : | 11.05.2022 |
| 10. | Name of the Chief Secretary who approved the Draft Note | : | Dr. V.P. Joy |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 13.05.2022 |
| 12. | Name of the Minister who approved the Draft Note | : | Sri. M.V. Govindan Master |
| 13. | Date of approval of the Draft Note for the Council by the Minister | : | 13.05.2022 |
| 14. | Date of submission of fair copies | : | 16.05.2022 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O/letter communicating the decision. | : | |

## Note for the Council of Ministers

This note deals with creation of an additional post of Office Attendant in Kerala Real Estate Appellate Tribunal (KREAT) .

2) As per GO(MS)No.8/2021/LSGD dated 16/01/2021 sanction has been accorded for the creation of the following posts in Kerala Real Estate Appellate Tribunal on contract basis and to fix the salary of posts under SL No. 1 to 4 as per KSRs Part III Rule 100 and those under SL No. 5 to 10 on the basis of the existing contract pay orders (GO (P) No.81/2019/Fin dated 9/07/2019). It has also been ordered to meet the additional expenditure for the same from Kerala Real Estate Regulatory Fund created as per GO (Rt) No. 2462/2019/LSGD dated 5/11/2019.

| SL No | Post | Number of post |
|---|---|---|
| 1 | Private Secretary to the Chairperson | 1 |
| 2 | Administrative Assistant cum Office Superintendent | 1 |
| 3 | Filing Scrutiny Officer Cum Accounts Officer | 1 |
| 4 | Assistant Court Officer | 1 |
| 5 | Confidential Assistant(Senior Grade) | 1 |
| 6 | Junior Clerk | 2 |
| 7 | Messenger/Court Keeper | 1 |
| 8 | Personal Attendant for the Chairperson | 1 |
| 9 | Part time Sweeper | 1 |
| 10 | Office Attendant | 1 |
| | **Total** | 11 |

3) Subsequently the Chairperson, KREAT requested to create the following additional posts to meet the day to day functioning of the Tribunal.

| SL No | Post | Number of post |
|---|---|---|
| 1 | Confidential Assistant Grade 2 | 1 |
| 2 | Office Attendant | 2 |
| 3 | Personal Attendant | 2 |
| | Total | 5 |

4) The remarks offered by Finance Department on the proposal is as follows:

"കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കമ്മീഷനുമായി കൂടിയാലോചിച്ചാണ് 11 തസ്തികകൾ അനുവദിച്ചത്. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇനിയും തസ്തികകൾ അനുവദിക്കാൻ കഴിയില്ല എന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു. ഇതിന് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്"

5) On the basis of the remarks offered by Finance Department the Chairperson, KREAT was informed that the existing 11 posts in the Tribunal are created in consultation with the Tribunal and more posts cannot be sanctioned in the present financial condition.

6) The Chairperson, KREAT has expressed strong displeasure over the above reply. He informed that the salary to the employees of the Tribunal are being paid from the Kerala Real Estate Regulatory Fund and the main source of which is the fees and penalties received under the Real Estate (Regulation and Development) Act and the interest accrued under section 75 (a) &(b) of the Act. It was also pointed out in the letter that the Tribunal with state wide jurisdiction cannot function with only one Office Attendant since the Office Attendant has to attend the personal matters of the Chairperson and both the members, besides the office matters. In the circumstances the day to day affairs of the Tribunal cannot be managed by one Office Attendant and hence requested to sanction at least one post of Office Attendant to overcome those difficulties. He has also requested to place the request before the Hon'ble Chief Minister and Hon'ble Minister(LSGD) for consideration.

7) When circulated the file, Hon'ble Minister (LSGD) recommended to sanction an additional post of Office Attendant and Hon'ble Chief Minister, after obtaining the approval of Hon'ble Finance Minister, ordered to place the matter before the Council of Ministers for consideration.

## Point for decision

Whether an additional post of Office Attendant may be created in Kerala Real Estate Appellate Tribunal on contract basis subject to the terms and conditions fixed for creation of the existing posts in the Tribunal as per GO (MS)No.8/2021/LSGD dated 16/01/2021 ?